സംസ്ഥാനത്തെ ധാതുമണൽ ഖനനം പൊതുമേഖലയിൽ

227 (4218) ശ്രീ. എം. എ. ബേബി :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീമതി പി. അയിഷാ പോറ്റി :

ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അമൂല്യമായ ധാതുമണൽ സംസ്ഥാന താല്പര്യത്തിനനുസരിച്ച് ഉപയോഗപ്പെടുത്തുന്നതിനുള്ള പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കരിമണൽ ഖനനം നടത്തുന്നതിനെക്കുറിച്ച് ചർച്ച നടത്തുന്നതിന് സർവ്വകക്ഷി ആലോചനായോഗം വിളിച്ചു ചേർക്കുകയുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാരിസ്ഥിതിക പ്രശ്നങ്ങളില്ലാത്ത തരത്തിൽ സംസ്ഥാനത്ത് സമ്പുഷ്ടമായ ധാതുമണൽ പൊതുമേഖലയിൽ ഖനനം നടത്തി ഉപയോഗപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ലായെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) കരിമണൽ ഖനനാനുമതി സംബന്ധിച്ച ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നല്കിയിട്ടുണ്ടോ; ഹൈക്കോടതി വിധി പ്രസ്താവിച്ചതെന്നാണ് ; വിശദമാക്കാമോ?

ഉത്തരം

(എ) കരിമണൽ ഖനനം സംബന്ധിച്ച് സംസ്ഥാന സർക്കാർ മൂന്ന് സമിതികളെ നിയോഗിച്ച് പഠനം നടത്തിയിട്ടുണ്ട്. ഓരോ കമ്മിറ്റിയും സമർപ്പിച്ച ശിപാർശകളുടെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു :

സർവ്വശ്രീ. ടി. എം. മഹാദേവൻ, കെ.കൃഷ്ണൻ ഉണ്ണി, ആർ. ആർ. നായർ എന്നിവരുൾപ്പെട്ട വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളുടെ പ്രസക്ത ഭാഗങ്ങൾ

1. കടൽ തീരങ്ങളിൽ കാലവർഷത്തെത്തുടർന്ന് ശേഖരിക്കപ്പെടുന്ന ധാതുമണൽ ഉപരിതലത്തിൽനിന്നും അര മീറ്റർ താഴ്ചയിൽ യന്ത്രസാമഗ്രികളുടെ ഉപയോഗം കൂടാതെ ശേഖരിക്കാവുന്നതാണ്.

2. കായംകുളം-ആറാട്ടുപുഴയ്ക്ക് മദ്ധ്യേയുള്ള 400 മീറ്ററോ അതിൽ കൂടുതലോയുള്ള ബാരിയർ ബീച്ചിൽ നിന്നുമാത്രമേ ധാതുമണൽ ശേഖരണം നടത്താവൂ. ഇത്തരം പ്രദേശങ്ങളിൽ ഡ്രഡ്ജിംഗ്-കോൺസൺട്രേറ്റിംഗ് മെഷിനറി ഉപയോഗിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

3. കായംകുളം പൊഴി, കായൽ, കനാൽ എന്നിവിടങ്ങളിൽ ചെറിയ തോതിൽ ജാഗ്രത പാലിച്ച് മാത്രമേ ഖനനം നടത്താവൂ. ഇത്തരം ഖനനം പരിസ്ഥിതിയെ ബാധിക്കുന്നില്ല.

പ്രൊഫ.കെ.വി. ത്രിവിക്രമജി, ഡോ.സി.ജി. നമ്പ്യാർ, ശ്രീ.എൻ. കൃഷ്ണകുമാർ എന്നിവരുടെ റിപ്പോർട്ടിലെ ശിപാർശകളുടെ പ്രസക്ത ഭാഗങ്ങൾ

1. ഖനനം പരിസരവാസികളുടെ ദൈനംദിന ജീവിത രീതികളെ ചെറിയ തോതിൽ ബാധിക്കുമെങ്കിലും വ്യക്തമായ ആസൂത്രണത്തിലൂടെ ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്.

2. വ്യക്തമായ, മുൻകൂട്ടി നിശ്ചയിച്ച പദ്ധതിയിലൂടെ മാത്രമേ ഡ്രഡ്ജിംഗ് ഉൾപ്പെടെയുള്ള ഖനന പ്രക്രിയകൾ നടത്താവൂ.

ജസ്റ്റിസ് കെ.ജോൺ മാത്യു, ഡോ. കെ. കെ. ദിവേദി, ശ്രീ. ബി.സി. പോഡ്ഡാർ എന്നിവരുടെ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളുടെ പ്രസക്ത ഭാഗങ്ങൾ

1. ആറാട്ടുപുഴ-തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തീരപ്രദേശത്തുനിന്നും സ്റ്റാപിംഗ് രീതി അനുവർത്തിച്ചുകൊണ്ട് 30 സെ.മീറ്റർ ആഴത്തിൽ ധാതുമണൽ നീക്കം ചെയ്യാവുന്നതാണ്. കൂടാതെ കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് ഉൾപ്രദേശങ്ങളിൽ ചെറു സെക്ടറുകളായി തിരിച്ച് ഡ്രഡ്ജിംഗ് നടത്താവുന്നതാണ്.

2. കായലിൽനിന്നും മണൽ നീക്കംചെയ്യുന്നപക്ഷം യന്ത്രസാമഗ്രികൾ ഉപയോഗിക്കാതെ കൂട്ടകൾ ഉപയോഗിച്ച് നീക്കം ചെയ്യേണ്ടതാണ്.

(ബി) കരിമണൽ ഖനനത്തിന്റെ പാരിസ്ഥിതിക പ്രശ്നം പഠിക്കുന്നതിന് രൂപീകൃതമായ ജസ്റ്റീസ് കെ. ജോൺ മാത്യു അദ്ധ്യക്ഷനായുള്ള കമ്മിറ്റിക്ക് വിവരങ്ങൾ സമർപ്പിക്കുന്നതിന് വിവിധ കക്ഷികളെ 25-4-2005-ന് തിരുവനന്തപുരത്ത് ക്ഷണിച്ചിരുന്നു.

(സി) കരിമണൽ ഖനനം നടത്തുന്നത് 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റഗുലേഷൻ) ആക്ടുപ്രകാരം അനുവദിക്കുന്ന മൈനിംഗ് ലീസിന്റെ അടിസ്ഥാനത്തിലാണ്. അഞ്ച് ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് ആണ് അനുമതി നൽകുന്നതെങ്കിൽ 1986-ലെ എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം എൻവയോൺമെന്റൽ ക്ലിയറൻസ് ആവശ്യമാണ്. കോസ്റ്റൽ റഗുലേഷൻ സോണിൽപ്പെട്ടതാണെങ്കിൽ കോസ്റ്റൽ റഗുലേഷൻ സോൺ ക്ലിയറൻസും ആവശ്യമാണ്. കൂടാതെ ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, അറ്റോമിക് എനർജി എന്നീ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ അംഗീകരിച്ച മൈൻ പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ഖനനം നടത്തേണ്ടത്. പാരിസ്ഥിതിക പ്രശ്നങ്ങൾ പരമാവധി ലഘൂകരിച്ച് പൊതുമേഖലയിൽത്തന്നെ ധാതുമണൽഖനനം നിലനിർത്തണമെന്നതാണ് സർക്കാർ നയം.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) M/s കേരള റെയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിറ്റഡ് എന്ന പൊതു സ്വകാര്യ മേഖല സംയുക്ത സംരംഭം, കരിമണൽ ഖനനത്തിന് സർക്കാരിൽ സമർപ്പിച്ച 29 അപേക്ഷകളിൽ അനുകൂല തീരുമാനമെടുക്കണമെന്നാവശ്യപ്പെട്ട് WP(C)No. 3435/10, 34346/10, 5420/11 എന്നീ കേസുകൾ ബഹു.ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചു. ബഹു.ഹൈക്കോടതി ഈ കേസുകൾ ഒന്നിച്ച് പരിഗണിച്ച്, പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി സർക്കാർ പരിഗണിച്ച് കമ്പനിക്ക് അനുകൂലമായി തീർപ്പാക്കണമെന്ന് 21-2-2013-ൽ വിധിന്യായം പുറപ്പെടുവിച്ചു. ഇതിനെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത, WANo. 1610/14, 1611/14, 1621/14 എന്നീ അപ്പീലുകൾ തള്ളിക്കളഞ്ഞുകൊണ്ട് ഡിവിഷൻ ബെഞ്ച് 13-11-2014-ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൈത്തറി പുനരുദ്ധാരണ പദ്ധതി

228 (4219) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കൈത്തറി പുനരുദ്ധാരണ പദ്ധതി (RRR) വഴി കേരളത്തിൽ എത്ര സംഘങ്ങൾക്ക് സഹായം നൽകി; ജില്ല തിരിച്ച് സംഘങ്ങളുടെ പേരും, അനുവദിച്ച തുകയും, ഏതെല്ലാം ഇനത്തിലാണ് സഹായം നൽകിയത് എന്നുള്ളതും വിശദമാക്കാമോ ;

(ബി) കേരളത്തിൽ നിന്ന് എത്ര തുകയുടെ സഹായ പദ്ധതിക്കാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ ;

(സി) 2010-ന് ശേഷവും കുടിശ്ശികയ്ക്ക് പലിശ നൽകണമെന്ന് ജില്ലാ സഹകരണ ബാങ്കുകൾ കൈത്തറി സംഘങ്ങളോട് ആവശ്യപ്പെട്ടിട്ടുള്ളതും, അതിനായി പുതിയ പ്രത്യേക ബോണ്ട് വെയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാടെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ നടപ്പിലാക്കിയ കൈത്തറി പുനരുദ്ധാരണ പദ്ധതി പ്രകാരം കേരളത്തിൽ ആകെ 353 പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ സഹായം ലഭിക്കുന്നതിന് അർഹത നേടിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 122 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് തുക വിതരണം ചെയ്തുകഴിഞ്ഞു. രണ്ടാംഘട്ടത്തിലെ 232 സംഘങ്ങളിൽ ഒമ്പത് ജില്ലകളിലെ 54 സംഘങ്ങൾക്ക് പാക്കേജനുസരിച്ചുള്ള കേന്ദ്രവിഹിതം നൽകിയിട്ടുണ്ട്. റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ചറിംഗ് പാക്കേജിൽ രണ്ട് ഘട്ടങ്ങളിലായി ഉൾപ്പെട്ട സംഘങ്ങളുടെ പേര്, തുക, ജില്ല എന്നിവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly